**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1664** **11-10-2024 - ൽ മറുപടിയ്ക്ക്**

**നാലു വർഷ ബിരുദ കോഴ്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാർത്ഥികൾക്ക് അക്കാദമിക്, കരിയർ അഭിരുചികൾക്കനുസൃതമായി ഇഷ്ടവിഷയങ്ങളുടെ കോമ്പിനേഷനുകൾ തെരഞ്ഞെടുത്ത് പഠിക്കാൻ ഉതകുന്ന രീതിയിൽ നടപ്പിലാക്കിയ നാലു വർഷ ബിരുദ പ്രോഗ്രാമിൽ വിദ്യാർത്ഥികൾ ആവശ്യപ്പെട്ട കോമ്പിനേഷനുകൾ കോളേജുകൾ നൽകാത്തതായുള്ള പരാതികൾ ഉണ്ടായിട്ടുണ്ടോ, വ്യക്തമാക്കുമോ; | (എ) | ഇത്തരത്തിലുള്ള പരാതികൾ സർക്കാരിന് ലഭിച്ചിട്ടില്ല. മൂന്നുവർഷ ബിരുദം ആണെങ്കിലും നാലുവർഷ ഓണേഴ്സ്/ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം ആണെങ്കിലും ഈ ബിരുദങ്ങൾ ഓരോന്നും സ്വന്തം താല്പര്യം അനുസരിച്ച് രൂപകല്പന ചെയ്യാൻ പറ്റുന്ന തരത്തിൽ ഉള്ള വഴക്കം (ഫ്ലെക്സിബിലിറ്റി) പുതിയ കരിക്കുലം മുന്നോട്ടുവയ്ക്കുന്നുണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാം മുന്നോട്ടുവയ്ക്കുന്ന കരിക്കുലം പ്രകാരം താൽപര്യമുള്ള മൈനർ വിഷയങ്ങൾ തിരഞ്ഞെടുക്കാൻ ഓരോ വിദ്യാർത്ഥിക്കും സാധിക്കും. ഈ തിരഞ്ഞെടുപ്പിനനുസരിച്ച് വിദ്യാർത്ഥികളുടെ ഡിഗ്രിയുടെ ഘടനയിലും മാറ്റങ്ങൾ ഉണ്ടാവും. ഒരേ വിഷയത്തിൽ മേജർ ചെയ്യുന്ന വിദ്യാർത്ഥികൾക്കു വ്യത്യസ്തമായ മൈനർ പാത്ത് വേകൾ സ്വീകരിക്കാൻ കഴിയും. ഇത്തരത്തിൽ മേജർ/ മൈനർ വിഷയങ്ങൾ തീരുമാനിച്ചതിനു ശേഷം ഡിഗ്രി പഠനത്തിനായി വിവിധ പാത്ത് വേകൾ തിരഞ്ഞെടുക്കാൻ വിദ്യാർത്ഥികൾക്ക് അവസരമുണ്ട്. ഇത്തരത്തിൽ വിദ്യാർത്ഥികൾക്കു തിരഞ്ഞെടുക്കാൻ കഴിയുന്ന വിവിധ പാത്ത് വേകൾ പ്രോഗ്രാമിന്റെ തുടക്കത്തിൽ തന്നെ സർവകലാശാലകൾ പ്രസിദ്ധീകരിക്കും. മേജർ വിത്ത് മൈനർ, സിംഗിൾ മേജർ, ഡബിൾ മേജർ, മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ, ഇന്റർ ഡിസിപ്ലിനറി മേജർ എന്നിങ്ങനെ വിവിധ പാത്ത് വേകൾ വിദ്യാർത്ഥികൾക്ക് സ്വീകരിക്കാം. ഇത്തരത്തിൽ വിവിധ പാത്ത് വേകളിൽ കൂടി ബിരുദ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് അവരുടെ താൽപര്യപ്രകാരമുള്ള മൈനർ വിഷയങ്ങൾ പാത്ത് വേയുടെ ഭാഗമാക്കാൻ കഴിയും. അതായത് പുതിയ രീതിയിൽ ഒരേ ക്ലാസ്സിൽ പലതരത്തിലുള്ള ബിരുദങ്ങൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾ ഉണ്ടാകും. ഓരോരുത്തരുടെയും അഭിരുചികളും അഭീഷ്ടങ്ങളും ആയിരിക്കും അതിന് അടിസ്ഥാനം. ഓരോ പാത്ത് |

| | | | |
|---|---|---|---|
| | | | വേകൾക്കകത്തും തനിക്കുവേണ്ട ബിരുദ ഘടന രൂപകല്പന ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം വിദ്യാർത്ഥികൾക്കു ലഭിക്കുന്നു. |
| (ബി) | ഇപ്രകാരം ആവശ്യമായ കോമ്പിനേഷനുകൾ നൽകാതെ നിലവിൽ കോളേജുകളിൽ ഉള്ള വിഷയങ്ങൾ മാത്രം തെരഞ്ഞെടുക്കണമെന്ന നിബന്ധന വിദ്യാർത്ഥികൾക്കു മേൽ അടിച്ചേൽപ്പിച്ചാൽ നാലു വർഷ ബിരുദ കോഴ്സുകൾക്ക് എല്ലാ കോളേജുകളിലും ഒരേ നിലവാരം ഉറപ്പാക്കുന്നതിന് സാധ്യമല്ല എന്നു കണ്ട് ഈ പ്രശ്നത്തിന് വേഗത്തിൽ പരിഹാരം കണ്ടെത്തുമോ; | (ബി) | (എ)-യിൽ നൽകിയിട്ടുണ്ട്. |
| (സി) | നാലു വർഷ ബിരുദ കോഴ്സ് നടപ്പിലാക്കുന്നതിനു മുമ്പ് ഇതുമായി ബന്ധപ്പെട്ട് ഉളവാകാവുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനും പരിഹാരങ്ങൾ നിർദ്ദേശിക്കുവാനും ഏതെങ്കിലും സമിതിയെ നിയോഗിച്ചിരുന്നോ; ഈ വിഷയത്തിൽ ഫലപ്രദമായ ഇടപെടലുകൾ ആവശ്യമാണെന്നു കണ്ട് പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിനായി ഒരു സമിതി രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ? | (സി) | ഉന്നത വിദ്യാഭ്യാസ രംഗത്ത് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. ഇവയിൽ ഡോ. ശ്യാം ബി മേനോൻ അധ്യക്ഷനായ 'ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ' മുന്നോട്ടു വച്ച കരിക്കുലം പരിഷ്കരണ ശിപാർശകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. ഇതിനായി ഡോ. സുരേഷ് ദാസ് അധ്യക്ഷനായുള്ള 'കേരള സംസ്ഥാന ഹയർ എഡ്യുക്കേഷൻ കരിക്കുലം കമ്മിറ്റി' സർക്കാർ രൂപീകരിക്കുകയുണ്ടായി. ഇപ്രകാരം രൂപീകരിച്ച കരിക്കുലം കമ്മിറ്റിയാണ് നാലുവർഷ ബിരുദ പദ്ധതിയുടെ കരിക്കുലം ചട്ടക്കൂട് ആവിഷ്കരിച്ചത്.<br><br>കൂടാതെ, നാലുവർഷ ബിരുദ കോഴ്സിന്റെയും പരീക്ഷകളുടെയും പരാതിരഹിതമായ നടത്തിപ്പിന് വൈസ് ചാൻസലർമാർ ഉൾപ്പെട്ട ഒരു മോണിറ്ററിംഗ് കമ്മിറ്റിയും സർവകലാശാല രജിസ്ട്രാർമാർ ഉൾപ്പെട്ട ഒരു പരാതി പരിഹാര കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ